ആരാലും അസാദ്ധ്യം എന്നു പറഞ്ഞ്
സ്നേഹിതരേവരും മാറിപ്പോയീടും
പ്രത്യാശയില്ലാത്ത വാക്കുപറഞ്ഞ്
പ്രിയരെല്ലാവരും മാറിപ്പോയീടും } 2

ഭയപ്പെടേണ്ടാ, ദൈവപൈതലേ
അബ്രഹാമിൻ ദൈവം നിന്റെ കൂടെയുണ്ട്
ഭ്രമിച്ചിടേണ്ടാ ദൈവപൈതലേ
ഇസഹാക്കിൻ ദൈവം നിന്റെ കൂടെയുണ്ട്

വാക്കുപറഞ്ഞവൻ വിശ്വസ്തനായവൻ
മാറാതെപ്പോഴും നിൻ ചാരെയുണ്ട് } 2
അബ്രഹാം ഇസഹാക്ക് യാക്കോബെന്നിവരെ
അനുഗ്രഹിച്ചവൻ കൂടെയുണ്ട് } 2

ഭയപ്പെടേണ്ടാ ........

മാറായിൽ കൈപ്പിനെ മാധുര്യമാക്കിയ
മാറ്റമില്ലാത്തൊരു ദൈവമല്ലോ } 2
മരുഭൂമിയിൽ മന്ന ദാനമായ് നൽകി
മക്കളെപ്പോറ്റിയ ദൈവമല്ലോ } 2

ഭയപ്പെടേണ്ടാ ........

മോറിയ മലയിലെ യാഗഭൂമിയതിൽ
കുഞ്ഞാടിനെ തന്ന ദൈവമവൻ } 2
ഇസഹാക്കിൻ ദൈവം കരുതീടും ദൈവം
ഇന്നലെയും ഇന്നും മാറാത്തവൻ } 2

ആരാലും.....1 ഭയപ്പെടേണ്ടാ .....